(3) തളിപ്പറമ്പ് ബസ് സ്റ്റാൻഡിന് സ്ഥലം വിട്ടുകൊടുക്കൽ

ശ്രീ. സി.പി. മൂസ്സാൻകുട്ടി: സർ, തളിപ്പറമ്പ് താലൂക്കിന്റെ തലസ്ഥാനമായ തളിപ്പറമ്പ് ടൗണിൽ ഒരു ബസ് സ്റ്റാൻഡ് പോലും ഇല്ല എന്ന വളരെ ദുഃഖകരമായ സ്ഥിതിയാണുള്ളത്. വളരെക്കാല മായിട്ട് അവിടെ ഒരു ബസ് സ്റ്റാൻഡ് പണിയുന്നതിനെക്കുറിച്ച്, ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അവിടെ പത്തിരുനൂറ് വാഹനങ്ങളും വരികയും പോകുകയും ചെയ്യുന്നുണ്ട്. അവിടെ താലൂക്ക് ഓഫീസിന്റെ മുൻപിൽ അര ഹെക്ടർ സ്ഥലം പോലീസ് ഡിപ്പാർട്ടുമെന്റിന്റെ കയ്യിലുണ്ട്. അത് വെറുതെ കിടക്കുക യാണ്. അവിടെ ഒരു പോലീസ് ലെയിനുണ്ട്, അവർക്കും താമസി ക്കാനുള്ള സൗകര്യങ്ങളില്ല. 1981—ലെ ഗവൺമെന്റ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ബോർഡ് അഞ്ചേകാൽ ലക്ഷം രൂപ ഡിപ്പോസിറ്റ് ചെയ്തു കോടതിക്ക്. അടുത്ത് ഒരു ഹെക്ടർ സ്ഥലം വാലുവേഷൻ കഴിഞ്ഞ് അക്വിസിഷൻ നടപ ടികളും സ്വീകരിച്ചു. അടിയന്തിരമായി പോലീസ് ഡിപ്പാർട്ടു മെന്റ് ബസ് സ്റ്റാൻറിന് ആ സ്ഥലം ഒഴിവാക്കിക്കൊടുക്കണം. കോടതിക്ക് അടുത്തുള്ള സ്ഥലം പോലീസ് സ്റ്റേഷനും പോലീസ് ക്വാർട്ടേഴ്സിനും കൊടുക്കണം. അങ്ങനെ ബസ് സ്റ്റാൻഡ് ഉണ്ടാക്കുക മാത്രമല്ല പോലീസുകാർക്ക് താമസസ്ഥലം എടുക്കുകകൂടി ചെയ്യണം. ആവശ്യമില്ലാതെ പോലീസു കാരേയും നാട്ടുകാരേയും തമ്മിൽ തല്ലിപ്പിക്കുന്ന നടപടി സ്വീക രിക്കരുത്. അവർക്ക് താമസസൗകര്യം ഉണ്ടാക്കുന്നതിന് വേണ്ടി അടിയന്തി രമായി ആ സ്ഥലം വിട്ടുകൊടുക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): സർ, ഇത് വളരെ നാളുകളായി ഗവൺമെന്റിന്റെ മുൻപിലിരിക്കുന്ന പ്രശ്നമാണ്. ഈ സ്ഥലം കൊടുക്കുന്നതിനോട് ഗവൺമെന്റിന് അനുഭാവ പൂർവ്വമായ സമീപനമാണ് ഉള്ളത്. ഗവൺമെന്റ് അത് കൊടു ക്കുകയില്ല എന്നു പറഞ്ഞിട്ടില്ല. പോലീസുകാർക്ക് ക്വാർട്ടേഴ്സ് പണിയുന്നതിനുള്ള സ്ഥലം ഏറ്റെടുത്ത് അതിനുള്ള നടപടികൾ ആരംഭിക്കുന്നതിന് അനുസരണമായി അത് വിട്ടുകൊടുക്കാ മെന്നാണ് ഗവൺമെന്റ് ആലോചിച്ചിട്ടുള്ളത്. അടിയന്തിരമായി എന്ത് ചെയ്യാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ചർച്ച നടത്തി ക്കൊണ്ടിരിക്കുകയാണ്.

(4) മലപ്പുറം ഗവൺമെന്റാശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി: സർ, മലപ്പുറം ഗവൺമെന്റ് ആശുപത്രിയുടെ സ്ഥിതി വളരെ കഷ്ടമാണ്. അത് 20 കൊല്ല മായി കാത്തിരുന്നു കിട്ടിയ ആശുപത്രിയാണ്. 100 ബെഡ്ഡു കളുള്ള അവിടെ ആശുപത്രി കിട്ടിയിട്ട് മൂന്നുവർഷമായി. പക്ഷേ അവിടെ കിടക്കയില്ല, ഡോക്ടർമാരില്ല, ആവശ്യത്തിന് സ്റ്റാഫു മില്ല. ഇതു സംബന്ധിച്ച് ഒരു ഫയൽ സർക്കാരിന്റെ കയ്യിലിരി ക്കുവാൻ തുടങ്ങിയിട്ട് മൂന്നു വർഷമായി. ഈ മൂന്നു വർഷത്തെ സാമ്പത്തിക ബുദ്ധിമുട്ട് അനുവദിക്കുകയാണ്. ഈ കാര്യത്തിൽ മുഖ്യമന്ത്രി ശ്രദ്ധിക്കണം.

LIBRARY ARCHIVES Kerala Legislative Assembly